ഏജൻസികൾക്ക് മാത്രമേ വിദേശത്തേക്ക് റിക്രൂട്ട്മെന്റ് നടത്താൻ അർഹതയുള്ളു. ഇപ്രകാരമുള്ള അംഗീകൃത റിക്രൂട്ടിംഗ് ഏജൻസികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(ബി) ഈ വിഷയം കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ അധികാര പരിധിയിലുള്ളതായതിനാൽ ഈ കാര്യത്തിൽ സംസ്ഥാന തൊഴിൽ വകുപ്പ് പ്രത്യേക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ കേരള സർക്കാർ വകുപ്പായ പ്രവാസി കേരളീയ കാര്യ വകുപ്പിൽ അംഗീകാരം ലഭിക്കാത്ത ഏജൻസികളുടെ പ്രവർത്തനം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൻ മേൽ സംസ്ഥാന പോലീസ് വഴിയും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സിന്റെ ഓഫീസുകൾ വഴിയും നടപടികൾ സ്വീകരിക്കുന്നുണ്ട്. ഏജൻസികളുടെ പ്രവർത്തനത്തെക്കുറിച്ച് പരാതിയോ സംശയമോ ഉണ്ടെങ്കിൽ അവ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നും വിദേശത്ത് ജോലിക്ക് പോകുന്നതിന് മുമ്പ് തൊഴിൽ കരാറിൽ ഏർപ്പെട്ടിരിക്കണമെന്നും വിവിധ വാർത്താ മാധ്യമങ്ങൾ വഴി പ്രവാസി കേരളീയ കാര്യവകുപ്പ് പ്രചരണവും നടത്തി വരുന്നുണ്ട്.

തൊഴിൽ നയം

67 (231) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് തൊഴിൽ നയം പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോഇ;

(ബി) എങ്കിൽ സംസ്ഥാനത്തെ രൂക്ഷമായ തൊഴിലില്ലായ്മ കുറയ്ക്കുന്നതിന് ഇത് എത്രകണ്ട് സഹായകരമായിരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) തൊഴിലില്ലായ്മക്കെതിരെ യുവജന സംഘടനകൾ സംസ്ഥാന വ്യാപകമായി സമരങ്ങൾ സംഘടിപ്പിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ഇ) സംസ്ഥാനത്തെ തൊഴിൽ സാദ്ധ്യതകൾ പഠിക്കാൻ ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(എഫ്) 31-1-2000 ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) തൊഴിലില്ലായ്മ കുറയ്ക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കുന്നത് തൊഴിൽ വകുപ്പല്ല. പ്രഖ്യാപിതമാകുന്ന തൊഴിൽ നയത്തിൽ തൊഴിലില്ലായ്മ പ്രത്യക്ഷമായി കുറയ്ക്കാനുള്ള പദ്ധതി ഉണ്ടാവുകയില്ല.

(സി) തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) & (ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ചിട്ടുള്ള തൊഴിൽ നിയമങ്ങൾ തൊഴിൽദായകനും തൊഴിലാളിയും യഥാവിധി നടപ്പിലാക്കുന്നുണ്ടോ എന്നു പരിശോധിക്കലാണ് തൊഴിൽ വകുപ്പിന്റെ ചുമതല. തൊഴിലില്ലായ്മ പരിഹരിക്കൽ ലേബർ കമ്മീഷണറുടെ കീഴിലുള്ള തൊഴിൽ വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന കാര്യമല്ല. എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നതിന് ജി.ഒ(പി)നമ്പർ 40/99/തൊഴിൽ തീയതി 30-3-1999 എന്ന ഉത്തരവുമൂലം ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി മൂലം 24000 രൂപയിൽ കൂടുതൽ വാർഷിക വരുമാനം ഇല്ലാത്തവർക്കും 50,000 രൂപ വരെ സബ്സിഡിയുള്ള വായ്പ ധനകാര്യ സ്ഥാപനങ്ങൾ വഴി നല്കി വരുന്നുണ്ട്.

(എഫ്) 31-1-2000 വരെയുള്ള കണക്കു ലഭ്യമായിട്ടില്ല. എംപ്ലോയമെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ കണക്കുകൾ പ്രകാരം 31-12-1999 വരെ 3900641 തൊഴിൽരഹിതർ ഉണ്ട്.

ലേബർ അജണ്ട - 2000

68 (232) ശ്രീ. കെ. പി. രാജേന്ദ്രൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് ലേബർ അജണ്ട - 2000 എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള പ്രധാന ഇനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) അസംഘടിതരായ തൊഴിലാളികൾക്ക് സൗജന്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുവാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly